**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198** **21-01-2021 - ൽ മറുപടിയ്ക്ക്**

**വൻകിട ലൈനുകൾ ഉപയോഗിക്കാത്തതുമൂലം ഉണ്ടായ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . പി . ഉബൈദുള്ള** | | **Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി)** | |
| (എ) | സ്വകാര്യ വൈദ്യുതനിലയങ്ങൾക്ക് വൈദ്യുതി കയറ്റുമതിക്കായി നിർമ്മിച്ച വൻകിട ലൈനുകൾ ഉപയോഗിക്കാത്തതുമൂലം ഉണ്ടായ നഷ്ടം സംസ്ഥാനങ്ങളിൽ നിന്നും ഈടാക്കാൻ പവർഗ്രിഡ് കോർപ്പറേഷൻ തീരുമാനിച്ച പ്രകാരം സംസ്ഥാനത്തിന് ഉണ്ടാകുന്ന അധിക ബാധ്യത കണക്കാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 04.05.2020ൽ പുറപ്പെടുവിച്ച CERC (Sharing of Interstate Transmission Charge & Losses) Regulation, 2020 പ്രകാരം ഉപയോഗം കുറഞ്ഞ രാജ്യത്തുടനീളമുള്ള ലൈനുകളുടെ പ്രസരണ താരിഫിന്റെ ഒരംശം കൂടി എല്ലാ സംസ്ഥാനങ്ങളും വഹിക്കേണ്ടി വരും. ഇത് മൂലം ഇപ്പോഴുള്ള പ്രസരണ ചാർജ്ജിൽ നിന്നും 50 മുതൽ 80 ശതമാനം വരെ വർദ്ധനയാണ് കേരളത്തിനുണ്ടാകുന്നത്. നിലവിൽ, കേരളം ഇപ്പോൾ നൽകുന്ന പ്രസരണ ചാർജ്ജിൽ, പ്രതിവർഷം ഏകദേശം 300 കോടിയുടെ ബാധ്യതയുണ്ടാകും എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | ഈ ബാധ്യത ഉപഭോക്താക്കളിൽ നിന്നും ഈടാക്കാതിരിക്കാൻ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ടി റെഗുലേഷന്റെ കരട് പ്രഖ്യാപിച്ച നാൾ മുതൽ സംസ്ഥാന വൈദ്യുതി ബോർഡ് ഇതിന്റെ പോരായ്മകൾ ചൂണ്ടിക്കാട്ടി കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിരുന്നു. കൂടാതെ പ്രസ്തുത റെഗുലേഷനെതിരെ സംസ്ഥാന വൈദ്യുതി ബോർഡ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ single bench – നു മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി വൈദ്യുതി ബോർഡിന്റെ അപേക്ഷ അംഗീകരിച്ചില്ല. ഇതിനെതിരെ അപ്പീൽ പോകാൻ സംസ്ഥാന വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ